




ഭൂമിയുടെ വൻതോതിലുള്ള സ്വകാര്യവൽക്കരണത്തിനും ഊഹക്കച്ചവടത്തിനും പാരിസ്ഥിതിക നാശത്തിനും വഴിയൊരുക്കുന്ന വൻകിട ടൂറിസത്തിലൂടെയല്ല കേരളത്തിന്റെ വികസനം സാധ്യമാകേണ്ടതെന്ന് വാദിക്കുന്ന പ്രക്ഷോഭങ്ങൾ ടൂറിസം വികസനത്തിന്റെ വിനാശമനുഭവിക്കുന്ന തദ്ദേശീയരുടെ പിന്തുണയുമായി ശക്തമാകുന്നു. അനിയന്ത്രിതവും ഏകപക്ഷീയവും കേന്ദ്രീകൃതവുമായ ടൂറിസം വികസനത്തെ തടുത്തു നിർത്താൻ കേരള സമൂഹം ഒന്നാകെ ജാഗ്രത പാലിച്ചില്ലെങ്കിൽ ദൈവത്തിന്റെ സ്വന്തം നാടെന്ന് ഇനി ഏറെ നാൾ അഭിമാനിക്കേണ്ടി വരില്ല.

# കേരളത്തിന്റെ രക്ഷ ടൂറിസമല്ല

സുമേഷ് മംഗലശ്ശേരി

ടൂറിസം വ്യവസായം തൊഴിലും വികസനവും വരുമാനവും ഉണ്ടാക്കുമെന്നും ഇനി കേരളത്തിന്റെ രക്ഷ ടൂറിസം വികസനത്തിലൂടെ മാത്രമേ സാധ്യമാകൂ എന്നുമാണ് ഭരണാധികാരികളും ടൂറിസം വ്യവസായികളും പറയുന്നത്. ഇങ്ങനെ കേരള വികസനത്തിൽ ടൂറിസം വികസനം സുപ്രധാനമാണെന്ന ആശയം ഉയർത്തിപ്പിടിച്ചുകൊണ്ട് കഴിഞ്ഞ ഏതാനും ദശകങ്ങളായി ടൂറിസം വകുപ്പും വ്യവസായികളും നടത്തിവരുന്ന തികച്ചും ഏകപക്ഷീയമായ ടൂറിസം വികസനവും, പ്രചാരണ പ്രവർത്തനങ്ങളും ഇന്ന് ഒരു വഴിത്തിരിവിലെത്തി നിൽക്കുകയാണ്. കേരളത്തിലെ ഒട്ടുമിക്ക ടൂറിസം കേന്ദ്രങ്ങളിൽ നിന്നും പുതിയ ടൂറിസം പ്രദേശങ്ങളിൽ നിന്നും ഉയർന്നുകൊണ്ടിരിക്കുന്ന പ്രാദേശിക ജനതയുടെയും, പൊതുസമൂഹത്തിന്റെയും എതിർപ്പുകളും പ്രതിഷേധങ്ങളും ദിവസേനയെന്നോണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ടൂറിസം വികസനം മുമ്പെങ്ങുമില്ലാത്ത വിധം വിമർശിക്കപ്പെടുകയും ചെറിയ തോതിലെങ്കിലും വിശകലനം ചെയ്യപ്പെടുകയും ചെയ്തു തുടങ്ങിയിരിക്കുന്നു.

എന്നാൽ ഈ പ്രതിഷേധങ്ങളെയും കാലാകാലങ്ങളായി സിവിൽ സമൂഹം ഉയർത്തികൊണ്ടു വന്നിട്ടുള്ള കേരളത്തിലെ ടൂറിസം വികസനത്തിന്റെ ചില അടിസ്ഥാന പ്രശ്നങ്ങളെയും മറച്ചു പിടിക്കാനും, അവഗണിക്കുന്നതിനും അവഹേളിക്കുന്നതിനുമാണ് ടൂറിസം വകുപ്പും ഭരണാധികാരികളും എക്കാലവും ശ്രമിച്ചിട്ടുള്ളത്. ഇത്തരം ശ്രമങ്ങളുടെ ഫലമാണ് ഇന്ന് കേരളത്തിൽ വികസിക്കുന്ന അനിയന്ത്രിതവും, സുസ്ഥിരമല്ലാത്തതുമായ ടൂറിസം വികസനം. കേരളത്തിന്റെ പാരിസ്ഥിതിക തകർച്ചയിലുള്ള ടൂറിസത്തിന്റെ പങ്കും, ടൂറിസത്തിന്റെ സാമൂഹിക-സാമ്പത്തിക ആഘാതങ്ങളും അത് പ്രാദേശിക ജനതയ്ക്ക് വരുത്തിവെക്കുന്ന വിപത്തുകളും, ടൂറിസത്തിലൂടെയുള്ള സാമ്പത്തിക നേട്ടങ്ങളുടെയും, വരുമാനത്തിന്റെയും, തൊഴിലവസരങ്ങളുടെയും പൊള്ളയായ കണക്കുകളും ഏകപക്ഷീയമായ വാദഗതികളും കൊണ്ട് മറച്ച് പിടിക്കാനാണ് വ്യവസായികളും ഗവൺമെന്റും ശ്രമിക്കുന്നത്.

ടൂറിസം വികസനത്തിന്റെ പേരിൽ കേരളത്തിന്റെ കാടുകളും, തീരപ്രദേശങ്ങളും, കായലുകളും നശിപ്പിക്കപ്പെടുകയും, ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റപ്പെടുകയും ചെയ്യുകയാണ്. കായലുകൾ നികത്തിയും, കടലുകൾ മലിനപ്പെടുത്തിയും, കണ്ടൽകാടുകൾ വെട്ടിമാറ്റിയുമാണ് ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്. വൻ ഗോൾഫ് കോഴ്സുകളും, ഹോട്ടലുകളും യാതൊരു നിയന്ത്രണവും ആസൂത്രണവുമില്ലാതെ കടന്നുവരികയാണ്.

ഓരോ വർഷവും ടൂറിസത്തിനു വേണ്ടിയുള്ള ബജറ്റ് വിഹിതം വർദ്ധിക്കുകയാണ്. വൻ വ്യവസായികൾക്ക് വൻതോതിലുള്ള നികുതി ഇളവുകൾ തുടങ്ങിയ ആനുകൂല്യങ്ങളാണ് ഗവൺമെന്റ് നൽകുന്നത്. ഏകപക്ഷീയമായും കേന്ദ്രീകൃതമായും ടൂറിസം വികസനം നടപ്പിലാക്കുന്നതിനു വേണ്ടി പുതിയ നയങ്ങളും ജനവിരുദ്ധ നിയമങ്ങളും നടപ്പിൽ വരുത്താനാണ് ഗവൺമെന്റും ഉദ്യോഗസ്ഥ പ്രമുഖരും ശ്രമിക്കുന്നത്. കേരളത്തിന്റെ ടൂറിസം




നയപരിപാടികളാകട്ടെ വൻകിട വ്യവസായികൾക്ക് അനുകൂലമായി മാത്രമാണ് രൂപപ്പെടുന്നത്. ഏറെ വിവാദങ്ങളുയർത്തിയും ജനകീയ സമരങ്ങളെ അടിച്ചമർത്തിയും നടപ്പിൽ വരുത്തിയ ബേക്കൽ ടൂറിസം പദ്ധതി അവിടുത്തെ സാധാരണ ജനങ്ങൾക്കും കുടിയൊഴിപ്പിക്കപ്പെട്ടവർക്കും എന്ത് നേട്ടമാണ് നൽകിയത്? ഇന്ന് ഇവിടെ നടക്കുന്ന ടൂറിസം പ്രവർത്തനങ്ങൾ ഭൂമിയുടെ വൻതോതിലുള്ള സ്വകാര്യവൽക്കരണത്തിനും, ഊഹക്കച്ചവടത്തിനും മാത്രമാണ് സഹായകമാകുന്നത്. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങൾക്കടുത്തുള്ള ഒട്ടുമിക്ക ഭൂമിയും പ്രാദേശിക ജനതയ്ക്ക് അന്യാധീനപ്പെട്ടുകഴിഞ്ഞു.

തീരദേശ പരിപാലന നിയമം, വിവിധ പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ ഒക്കെ തന്നെയും ടൂറിസത്തിന്റെ പേരിൽ ലംഘിക്കപ്പെടുന്നു. അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും കൈയ്യേറ്റ പ്രവർത്തനങ്ങളും സർവ്വ സാധാരണമായിരിക്കുന്നു. ടൂറിസവുമായി ബന്ധപ്പെട്ട് കുട്ടികളെ ലൈംഗിക ചൂഷണത്തിന് വിധേയമാക്കുന്ന പ്രവണത കേരളത്തിൽ വ്യാപകമായതായി വിവിധ കണക്കുകൾ കാണിക്കുന്നു. ടൂറിസം പ്രദേശങ്ങളിൽ സാധാരണ ജനങ്ങളുടെ കുടിവെള്ളം പോലും ഇല്ലാതാക്കുന്ന രീതിയിലാണ് ടൂറിസം വളരുന്നത്. തീരദേശ ടൂറിസത്തിൽ വൻവ്യവസായികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ സുനാമി ദുരിതാശ്വാസത്തിന് അനുവദിച്ച തുക പോലും മത്സ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടെയും താൽപ്പര്യത്തിന് വിരുദ്ധമായി ദുരുപയോഗം ചെയ്യുകയാണ്.

കേരളത്തിലെ ആദിവാസി, മത്സ്യത്തൊഴിലാളി, ദളിത്, തീരദേശ ജനവിഭാഗങ്ങൾ ഓരങ്ങളിലേക്ക് അതിവേഗം മാറ്റപ്പെടുകയാണ്. ഇങ്ങനെ ടൂറിസത്തിന്റെ ദോഷകരമായ പ്രത്യാഘാതങ്ങൾ അതിന്റെ പാരമ്യത്തിലെത്തിനിൽക്കുമ്പോൾ, സാധാരണ ജനങ്ങളുടെ തൊഴിലിനും ജീവിതത്തിനു തന്നെ ഭീഷണിയാകുമ്പോൾ ഇത്തരം അടിസ്ഥാന പ്രശ്നങ്ങളെ മറച്ചുപിടിച്ചുകൊണ്ട് ഉത്തരവാദ ടൂറിസമെന്നും മറ്റുമുള്ള പേരിൽ കേരള ടൂറിസത്തെ വീണ്ടും വിപണനം ചെയ്യുന്നതിനുള്ള ശ്രമത്തിലാണ് കേരള ടൂറിസം വകുപ്പ്. കേരളത്തിൽ ടൂറിസം കൊണ്ടുണ്ടാകുന്ന അടിസ്ഥാന പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയോ, പരിഹാര മാർഗ്ഗങ്ങൾക്ക് ശ്രമിക്കുകയോ ചെയ്യുന്നില്ല. കേരള ടൂറിസത്തിന്റെ പ്രവർത്തനങ്ങളിൽ അടിസ്ഥാനപരമായ യാതൊരു മാറ്റവുമില്ല എന്നു മാത്രമല്ല, സമീപകാലത്ത് ടൂറിസത്തെ കൂടുതൽ ഉദാരവത്ക്കരിക്കാനാണ് കേരള ടൂറിസം ശ്രമിക്കുന്നത്.

ഈ അവഗണനയുടെയും അവഹേളനത്തിന്റെയും ഫലമായിട്ടാണ് ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ടൂറിസത്തിനെതിരെ ഉയർന്നു വരുന്ന ചെറുതെങ്കിലും വ്യാപകമാവുന്ന പ്രതിഷേധസ്വരങ്ങൾ. സ്വന്തം വിഭവങ്ങളിൽ നിന്നും, ഭൂമിയിൽ നിന്നും, തൊഴിലിടങ്ങളിൽ നിന്നും, പറിച്ചുമാറ്റപ്പെടുന്ന ജനവിഭാഗങ്ങളും ടൂറിസത്തിന്റെ സാമൂഹിക വിപത്തുകൾ നേരിട്ടനുഭവിക്കുന്നവരും പ്രതികരിച്ചു തുടങ്ങിയിരിക്കുന്നു. ഇത്തരം ജനകീയ സമരങ്ങളെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ഇത്തരം ചെറു സമരങ്ങളുടെ ഏകോപനവും സംഘാടനവും അത്യന്താപേക്ഷിതമാണ്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ടൂറിസവുമായി ബന്ധപ്പെട്ട് നടക്കുന്ന സമരങ്ങളും പ്രതിഷേധങ്ങളും ടൂറിസം വികസനവുമായി ബന്ധപ്പെട്ടു പുതിയൊരു തിരിച്ചറിവിലേക്ക് എത്തേണ്ടതുണ്ട്. ഈ തിരിച്ചറിവും കൂട്ടായ്മയും കേരളത്തിലെ ഏകപക്ഷീയമായ ടൂറിസം വികസനത്തിനെ ഒരു പുന:പരിശോധനയ്ക്ക് വിധേയമാക്കും. ഇത്തരം തിരിച്ചറിവുകളുടെ ഒരു കൂട്ടായ്മ രൂപപ്പെടുന്നതിലൂടെ മാത്രമേ ഇന്നത്തെ അനിയന്ത്രിതവും, ഏകപക്ഷീയവും, കേന്ദ്രീകൃതവുമായ ടൂറിസം വികസനത്തെ തടുത്തു നിർത്താൻ സാധിക്കൂ. സിവിൽ സമൂഹത്തിന്റെ ഈയൊരു കൂട്ടായ്മയും അവരുടെ ലോകമെമ്പാടുമുള്ള സമാന ചിന്താഗതിക്കാരുമായുള്ള ആശയ വിനിമയവും ഇന്ന് അനിവാര്യമായിരിക്കുന്നു.

(കബനി- ദ അദർ ഡയറക്ഷൻ)
ബന്ധങ്ങൾക്ക്: 9562502948


കേരളീയം

## പുസ്തകശാല

### പുസ്തകങ്ങൾ

1. **ഇല്ലംനിറ** (കഥകൾ) കെ.ആർ. ഇന്ദിര
2. **ചെന്നൈ വിശേഷവും കുറിപ്പുകളും** ബിജു എസ്. ബാലൻ
3. **ജാഗ്രതയുടെ കാവൽമാടം** കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത് എഡിറ്റർ : കെ.ആർ. ഇന്ദിര
4. **മാർക്സിസത്തിനുശേഷം** എഡിറ്റർ : ദിലീപ് രാജ്
5. **പ്ലാച്ചിമട : അനുഭവങ്ങൾ, പാഠങ്ങൾ** എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. **കേരളീയം സൈക്കിൾ പുസ്തകം** എഡിറ്റർ : പ്രൊഫ.കെ.ജി.ശങ്കരപ്പിള്ള

**കേരളീയം, കൊക്കാലെ, തൃശൂർ-21**
**ഫോൺ : 9446576943, 04872421385**
robinkeraleeyam@gmail.com